# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 153

08-12-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ് :<br>ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.കെ.മുരളീധരൻ :<br>ശ്രീ. ആർ.സെൽവരാജ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആനുകൂല്യം എത്രയെന്ന് വിശദമാക്കുമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് ഇപ്പോൾ കണക്കാക്കിയിട്ടുള്ള Public Private Partnership (PPP) വിഹിതമായ 4044 കോടിയുടെ 20 ശതമാനം വരെ (809 കോടി രൂപ) കേന്ദ്ര സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായം ലഭിക്കാൻ കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് അർഹതയുണ്ട്. |
| (ബി) പ്രസ്തുത ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Guidelines for Financial Support to Public Private Partnership Project in Infrastructure (വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്) ആണ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം (അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (സി) ഫണ്ട് ലഭിക്കുന്നതിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ ഏതു തരത്തിലുള്ള പങ്കാളിത്തമാണ് ഉണ്ടാവുകയെന്ന് വിശദമാക്കുമോ; | (സി) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതിയിലുള്ള പങ്കാളിത്തം. തുറമുഖം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കും. |
| (ഡി) വിഴിഞ്ഞം പദ്ധതിക്കെതിരെ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതികാനുമതിയ്ക്ക് എതിരെ ചെന്നൈ ബഞ്ചിൽ രണ്ട് ഹർജികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഹരിത ട്രൈബ്യൂണലിന്റെ ഡൽഹി ബഞ്ചിൽ വിഴിഞ്ഞം പദ്ധതിയ്ക്കും പാരിസ്ഥിതികാനുമതിയ്ക്കും എതിരെയും, 2011 ലെ CRZ നിയമം |

ചോദ്യം ചെയ്തുകൊണ്ടും ഓരോ ഹർജികൾ വീതം നൽകിയിട്ടുണ്ട്. ഇതിനെതിരെ നിയമപരമായ നടപടികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയും സംസ്ഥാന സർക്കാരും സ്വീകരിച്ചുവരുന്നു. കേസ് ഇപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഇവർക്ക് പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്